അവശ ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനം

42 [47] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) 1984-85, 1985-86 എന്നീ വർഷങ്ങളിൽ ഈ പ്രവർത്തനങ്ങൾക്കു വേണ്ടി മാറ്റി വച്ച സംഖ്യ എത്ര ;

(സി) ചെലവായ സംഖ്യ എത്ര ;

(ഡി) ഈ കോർപ്പറേഷന്റെ ഭരണ ചെലവെത്ര ?

ഉത്തരം

(എ) കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ഭവന നിർമ്മാണ പദ്ധതി.

2. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

3. വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാ പദ്ധതി

4. കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി

5. ഓട്ടോറിക്ഷാ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി

6. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഒന്നാം ക്ലാസ്സിൽ പാസാകുന്നവർക്ക് പ്രോൽസാഹന ഗ്രാന്റ് നൽകുന്ന പദ്ധതി

(ബി) 1984-85-ൽ—5,00,000 രൂപയും
1985-86-ൽ—1,25,000 രൂപയും മാറ്റിവച്ചിരുന്നു.

(സി) 1986 ഫെബ്രുവരി അവസാനം വരെ ആകെ ചെലവായത് 39,58,94[illegible].66 രൂപ ആണ്.

(ഡി) പ്രതിവർഷം 5,04,100.20 രൂപ.

ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഒരു കോർപ്പറേഷൻ

43 (48) ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേകമായൊരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾകൂടി കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടിയാണ് കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. അതിനാൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly